K23P 3045

Reg. No.: ..............................

Name : ..................................

I Semester M.A. Degree (C.B.C.S.S. -OBE – Regular)
Examination, October 2023
(2023 Admission)

മലയാളം

MAMAL01C03 : മലയാളസാഹിത്യവിമർശനം – 1

Time : 3 Hours Max. Marks : 80

I. **1** മുതൽ **6** വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും **5** എണ്ണത്തിന് **1 പേജിൽ** കവിയാതെ ഉത്തരമെഴുതുക. **(5×4=20)**

1) വർത്തമാനകാല സാഹിത്യത്തിൽ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ കണ്ടെത്തുന്ന ന്യൂനതകൾ എന്തെല്ലാം ?

2) 'നാടകാന്തം കവിത്വം' എന്ന സങ്കല്പത്തിന് മുണ്ടശ്ശേരി നല്കുന്ന വിശദീകരണമെന്ത് ?

3) കലകളുടെ വിഭജനത്തെക്കുറിച്ചുള്ള കേസരി എ. ബാലകൃഷ്ണപിള്ളയുടെ നിരീക്ഷണമെന്ത് ?

4) കവിതിലകൻ കെ. പി. കറുപ്പന്റെ കവിതകളുടെ സവിശേഷതകളായി എം. കെ. സാനു ചൂണ്ടിക്കാണിക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?

5) മലയാളത്തിലെ ശുദ്ധമിസ്റ്റിസത്തിന് മികച്ച മാതൃകയാണ് ശ്രീനാരായണ ഗുരുവിന്റെ കുണ്ഡലിനിപ്പാട്ട് എന്ന് ഡോ. സുകുമാർ അഴീക്കോട് പറയുന്നതെന്തുകൊണ്ട് ?

6) 'തലതിരിഞ്ഞ മൂല്യങ്ങളുടെ രൂക്ഷവിമർശനമാണ് മൃത്യുപൂജ' എന്ന സച്ചിദാനന്ദന്റെ നിരീക്ഷണത്തിന്റെ അടിസ്ഥാനമെന്ത് ?

II. **7** മുതൽ **11** വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും **3** എണ്ണത്തിന് **3** പേജിൽ കവിയാതെ ഉത്തരമെഴുതുക. **(3×8=24)**

7) 'ഭാഷയിൽ സജീവവും സമീചീനവുമായ വിമർശനപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്' എന്ന വിശേഷണം സി. പി. അച്യുതമേനോന് എത്രത്തോളം യോജിക്കുമെന്ന് പരിശോധിക്കുക.

8) ഉണ്ണുനീലിസന്ദേശം ഒരു ഹാസ്യകവനമാണെന്ന് കുട്ടിക്കൃഷ്ണമാരാർ സ്ഥാപിക്കുന്നതെങ്ങനെ ?

P.T.O.



9) അഭിജ്ഞാനശാകുന്തളം നാടകത്തിലെ ശാപകഥയെക്കുറിച്ചുള്ള എം. പി. ശങ്കുണ്ണി നായരുടെ നിരീക്ഷണങ്ങൾ എന്തെല്ലാം ?

10) സാഹിത്യത്തിലെ സൗന്ദര്യം, വൈരൂപ്യം എന്നീ ഘടകങ്ങളെ കെ. പി. ശങ്കരൻ സോദാഹരണം വിശദീകരിക്കുന്നതെങ്ങനെ ?

11) ആധുനിക കവിത ഭാവപരവും രൂപപരവുമായി പ്രകടിപ്പിച്ച പരിണാമങ്ങളെക്കുറിച്ചുള്ള സച്ചിദാനന്ദന്റെ അഭിപ്രായമെന്ത് ?

III. **12** മുതൽ **16** വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും **3** എണ്ണത്തിന് **5** പേജിൽ കവിയാതെ ഉത്തരമെഴുതുക. **(3×12=36)**

12) "മലയാള കവിതയിലും വിമർശനത്തിലും സർഗ്ഗാത്മകമായ ഒരു യുഗമാറ്റത്തിന് പ്രാസവാദം തുടക്കം കുറിച്ചു എന്നതാണ് അതിന്റെ ചരിത്രപരമായ പ്രസക്തി" – ഈ അഭിപ്രായത്തെ എങ്ങനെ വിലയിരുത്തുന്നു ?

13) നോവലിന്റെ അടിസ്ഥാന തത്ത്വങ്ങളും സ്വഭാവ-സ്വരൂപ വൈവിധ്യങ്ങളും ശാസ്ത്രീയമായ കാഴ്ചപ്പാടോടെ അപഗ്രഥിച്ച ആദ്യമലയാള വിമർശകൻ എന്ന സ്ഥാനം നെടിയം വീട്ടിൽ ബാലകൃഷ്ണമേനോന് എത്രത്തോളം യോജിക്കുമെന്ന് പരിശോധിക്കുക.

14) ഒരു ഫ്യൂച്ചറിസ്റ്റ് വിമർശകനായിരുന്നു കേസരി എ. ബാലകൃഷ്ണപിള്ള എന്ന അഭിപ്രായത്തിന്റെ അടിസ്ഥാനമെന്ത് ? വിവരിക്കുക.

15) മലയാളത്തിലെ മന:ശ്ശാസ്ത്രനിരൂപണത്തെ എം. എൻ. വിജയന്റെയും എം. ലീലാവതിയുടെയും രചനകളെ മുൻനിർത്തി അപഗ്രഥിക്കുക.

16) പാശ്ചാത്യ ചിന്താധാരകളുടെയും പാശ്ചാത്യ വിമർശനരീതിയുടെയും സ്വാധീനം ആധുനിക മലയാളവിമർശനത്തിൽ എത്രത്തോളമുണ്ടെന്ന് പരിശോധിക്കുക.